**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **23-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ജീവനക്കാരില്ലാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ കുറവ് പരിഹരിച്ച് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആർദ്രം മാനദണ്ഡങ്ങൾ അനുസരിച്ചും സ്റ്റാൻന്റഡൈസേഷൻ അനുസരിച്ചും ഘട്ടംഘട്ടമായി തസ്തികകൾ സൃഷ്ടിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3378 തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് 311 തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.കൂടാതെ പൊതുജനങ്ങൾക്ക് ആവശ്യമുള്ള സേവനം ലഭ്യമാക്കുന്നതിനായി HDS, KSP, NHM, LSGI എന്നിവ മുഖേനയും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.** |
| (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലും ഉണ്ടായിരിക്കുന്ന മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലുള്ള താലൂക്ക് ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി KMSCL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കമ്മിറ്റി രൂപീകരിച്ച് മരുന്നുകളുടെ Inter Institution Transfer ഉം Inter District Transfer ഉം നടത്തി വരുന്നു.<br><br>കെ.എം.എസ്.സി.എൽ വിതരണം ചെയ്യാത്തതും സ്റ്റോക്ക് ലഭ്യതക്കുറവ് മൂലം കെ.എം.എസ്.സി.എൽ-ൽ നിന്നും അവശ്യ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിലും അവശ്യ മരുന്നുകൾ ലോക്കൽ പർച്ചേസ്, KASP, RSBY, RBSK, JSSK, TRIBAL Fund, HDS Fundതുടങ്ങി വിവധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിൽ ഒ.പി. ടിക്കറ്റ് എടുക്കുന്നതിന് സ്വീകരിച്ച പുതിയ സംവിധാനങ്ങൾ വിശദമാക്കാമോ; | (സി) | ഇ-ഹെൽത്ത് സംവിധാനം നിലവിൽ വന്നിട്ടുള്ള ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഒ.പി യിൽ ടോക്കൺ സംവിധാനം നിലവിലുണ്ട്. ഇ-ഹെൽത്ത് പ്രൊജക്റ്റിന്റെ ഭാഗമായി കേന്ദ്രീകൃത 'Token |

| | | | |
|---|---|---|---|
| | | | display' ഉം 'Que Management system' ഉം ഇ-ഹെൽത്ത് സംവിധാനം നിലവിലുള്ള 462 ആശുപത്രികളിൽ നടപ്പിലാക്കി കഴിഞ്ഞു. 'ഓൺലൈനായി ഒ.പി അപ്പോയ്മെന്റ് എടുക്കാനുമുള്ള സൗകര്യവും ലഭ്യമാണ്. ഒരു രോഗി ആശുപത്രിയിലെത്തി രജിസ്ട്രേഷൻ നടത്തുന്നതോടെ അയാൾക്ക് ഒരു രജിസ്ട്രേഷൻ നമ്പറും ബന്ധപ്പെട്ട ഡോക്ടറെ കാണുന്നതിന് മുൻഗണനാ ക്രമത്തിൽ ഒരു ടോക്കൺ നമ്പരും നല്കി വരുന്നുണ്ട്. ഡോക്ടറുടെ മുറിക്ക് മുൻപിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക്സ് ടോക്കൺ ഡിസ്പ്ലേയിൽ ഓരോരുത്തരുടെയും നമ്പർ അനുസരിച്ച് ടോക്കൺ തെളിഞ്ഞു വരുന്ന മുറയ്ക്ക് ക്യൂ നില്ക്കാതെയും തിരക്കൊഴിവാക്കിയും ഡോക്ടറെ കാണുന്നതിന് കഴിയുന്നു. രണ്ടാമത് ഒരവസരത്തിൽ വീണ്ടും ഡോക്ടറെ കാണേണ്ടിവന്നാൽ മുൻകൂട്ടി അപ്പോയ്മെന്റ് ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br><br>എല്ലാ മെഡിക്കൽ കേളേജുകളിലും ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കി വരുന്നു. നിലവിൽ ഇ-ഹെൽത്ത് സംവിധാനം ഉള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി കൗണ്ടറിൽ നിന്നോ e-health.kerala.gov.in എന്ന വെബ് സൈറ്റിൽ ആധാർ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്തോ ഒ.പി ടിക്കറ്റ് എടുക്കാവുന്നതാണ്. |
| (ഡി) | മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കി മാറ്റിയതിനാൽ അവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് മെഡിക്കൽ കോളേജുകളിലെ സേവനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് കാഷ്വാലിറ്റി മുഖാന്തിരം വേണ്ട ചികിത്സ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ